# കേരള സർക്കാർ

## സംഗ്രഹം

സാംസ്ക്കാരിക വകുപ്പ്—സാംസ്ക്കാരിക വകുപ്പദ്ധ്യക്ഷകാര്യാലയം രൂപവത്ക്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സാംസ്ക്കാരിക (ബി) വകുപ്പ്

ജി. ഒ. (പി.) നമ്പർ 77/05/സി.ഡി. തിരുവനന്തപുരം, 2005 ആഗസ്റ്റ് 25.

---

*പരാമർശം:*—പത്താം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 29-ാം നമ്പർ ഉറപ്പ്.

## ഉത്തരവ്

സംസ്ഥാനത്ത് നിലവിലുള്ള സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സമന്വയിച്ച് സെക്രട്ടേറിയറ്റിലെ സാംസ്ക്കാരിക ഭരണ നിർവ്വഹണ വകുപ്പുമായി കൂടുതൽ പാരസ്പര്യം സാധിക്കുന്നതിന് സഹായകമായ തരത്തിൽ സാംസ്ക്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം (Cultural Directorate) രൂപവത്ക്കരിക്കുന്ന കാര്യം പരിഗണിക്കാമെന്ന് പത്താം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ 29-ാം നമ്പറായി ഉറപ്പ് നല്കിയിരുന്നു.

സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചു. അതനുസരിച്ച്, സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങളെ യഥോചിതം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സാഹിത്യ അക്കാദമി, കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി എന്നിവയെ ഏൽപ്പിച്ച്, തദ്ഫലമായി സ്വതന്ത്രരാക്കപ്പെടുന്ന അവിടത്തെ ഉദ്യോഗസ്ഥരെ പുനർവിന്യസിച്ചുകൊണ്ട് സാംസ്ക്കാരിക വകുപ്പദ്ധ്യക്ഷകാര്യാലയം രൂപവത്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ് അദ്ധ്യക്ഷൻ (Director, Cultural Publication) എന്ന തസ്തിക സാംസ്ക്കാരിക വകുപ്പ് അദ്ധ്യക്ഷൻ (Director, Directorate of Culture) എന്ന് പരിവർത്തനം ചെയ്തിരിക്കുന്നു.

GCPT. 3/3592/2005/DTP.

പ്രസ്തുത വകുപ്പദ്ധ്യക്ഷകാര്യാലയത്തിന്റെ പ്രവർത്തന സ്വഭാവം; ഭ നിർവ്വഹണത്തിനാവശ്യമായ തസ്തികകൾ, പുനർവിന്യാസം വഴിയുള്ള നിയമനം കാര്യങ്ങളിൽ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഇ. കെ. ഭരത് ഭൂഷൻ,

പ്രിൻസിപ്പൽ സെക്രട്ടറി.

ഡയറക്ടർ, കൾച്ചറൽ പബ്ലിക്കേഷൻസ്.

സെക്രട്ടറി, സാഹിത്യ അക്കാദമി, ബുക്ക്മാർക്ക്, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ആഡിറ്റ്, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (നമ്പർ 27894/എഡ്യു. സി./05 തീയതി 20-4-2005.)

മുഖ്യമന്ത്രിയുടെ സെക്രട്ടറി.

എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാർക്കും (ധനകാര്യം, നിയമം) വകുപ്പുകൾക്കും

സെക്രട്ടറി, നിയമസഭ. (with covering letter)

സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും.

പി. ആർ. ഡി./ ഐ. റ്റി. വകുപ്പ്.

എസ്. എഫ്./ഒ. സി.

---